**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1192** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടക്കൽ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിൽ ഏതൊക്കെ നഗരസഭ/പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കോട്ടക്കൽ (മുനിസിപ്പാലിറ്റി)

2) പൊന്മള (പഞ്ചായത്ത്)

3) മാറാക്കര (പഞ്ചായത്ത്)

4) എടയൂർ (പഞ്ചായത്ത്)

5) ഇരിമ്പിളിയം (പഞ്ചായത്ത്)

6) കുറ്റിപ്പുറം (പഞ്ചായത്ത്)

**(ബി)** കേരകൃഷിയും അനുബന്ധ വ്യവസായങ്ങളും മികച്ച രീതിയിൽ നടക്കുന്ന നഗരസഭകളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കേരഗ്രാമം പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. വളാഞ്ചേരി നഗരസഭയെ 2026-27 വാർഷിക പദ്ധതിയിലെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**